"ഭരണഭാഷ - മാതൃഭാഷ"

വളരെ അടിയന്തിരം

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/110/15

ചാക്ക, തിരുവനന്തപുരം
തീയതി: 22.04.2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- 2013 ആഗസ്റ്റിൽ അഡ്മിഷനായതും വിവിധ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റുകൾ വിജയിച്ചതുമായ ട്രെയിനികളുടെ വിവരങ്ങൾ തിരുത്തുന്നത് - സംബന്ധിച്ച്.

---------

ആഗസ്റ്റ് 2013 ൽ സെമസ്റ്റർ സ്കീമിൽ അഡ്മിഷനായതും ഫെബ്രുവരി 2014, ജൂലൈ 2014, ഫെബ്രുവരി 2015, ജൂലൈ 2015 എന്നീ കാലയളവുകളിൽ നടന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റുകൾ എഴുതി വിജയിച്ചതുമായ ട്രെയിനികളുടെ പേര്, അച്ഛന്റെ പേര്, ജനനതീയതി എന്നിവയിൽ ആവശ്യമായ തിരുത്തൽ വരുത്തുന്നതിനും പുതിയ വിവരങ്ങൾ കൂട്ടി ചേർക്കുന്നതിനും ഓൺലൈൻ മുഖാന്തിരം സംവിധാനം എല്ലാ സ്ഥാപനങ്ങൾക്കും നൽകിയിരുന്നു. എന്നാൽ പരിശോധിച്ചപ്പോൾ ഏകദേശം 900 ട്രെയിനികളുടെ പ്രസ്തുത വിവരങ്ങൾ ഇനിയും ചേർക്കേണ്ടതായിട്ടുണ്ട് എന്ന് കാണുന്നു. നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലേക്കായി പ്രസ്തുത കാലയളവിൽ വിജയിച്ച ട്രെയിനികളുടെ വിവരങ്ങൾ അടിയന്തിരമായി ഡി.ജി.റ്റി.ക്ക് കൈമാറേണ്ടതുണ്ട്. ടി സാഹചര്യത്തിൽ ടി കാലയളവിൽ അഡ്മിഷനായതും പ്രസ്തുത പരീക്ഷകൾ എഴുതി വിജയിച്ചതുമായ ട്രെയിനികളുടെ വിവരങ്ങൾ എല്ലാ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് ട്രെയിനികളുടെ വിവരങ്ങളിൽ തിരുത്തലോ കൂട്ടിചേർക്കലോ ഉണ്ടെങ്കിൽ ഇവ തിരുത്തി അതിന് അനുബന്ധമായ രേഖകൾ സഹിതം ഈ കാര്യാലയത്തിൽ 30-4-2016 നകം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ തിരുത്തൽ വരുത്തിയിട്ടില്ല എങ്കിൽ മാറ്റം ഒന്നും ഇല്ല എന്ന നിഗമനത്തിൽ ട്രെയിനികളുടെ വിവരം ഡി.ജി.റ്റി.ക്ക് കൈമാറുന്നതാണ്. ട്രെയിനികളുടെ വിവരങ്ങൾ എൻ.ടി.സി. ലഭിക്കുന്നതിലേക്കായി അടിയന്തിരമായി ഡി.ജി.റ്റി.ക്ക് കൈമാറേണ്ടതിനാൽ ആയതിൽ വീഴ്ച വരുത്താൻ പാടുള്ളതല്ല.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/25.04